## എം.വി.ജി.എൽ.പി.എസ്. പേരൂർ

## ടി.കെ.എം.സി.പി.ഒ., കൊല്ലം - 5




# അക്കാദമിക മാസ്റ്റർപ്ലാൻ

## *2025 – 26*

# സ്കൂൾ അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | എം.വി.ജി.എൽ.പി.എസ്.പേരൂർ<br>ടി.കെ.എം.സി.പി.ഒ., കൊല്ലം - 5 |
| സ്കൂൾ കോഡ് | 41614 |
| യുഡൈസ് കോഡ് | 32130900205 |
| ജില്ല | കൊല്ലം |
| സബ്ബ് ജില്ല | കുണ്ടറ |
| എ ഇ ഒ | കുണ്ടറ |
| ബി ആർ സി | കുണ്ടറ |
| സി ആർ സി | കരിക്കോട് |
| പഞ്ചായത്ത് | കൊറ്റങ്കര |
| വാർഡ് | 12 |

# ആമുഖം

കൊല്ലം കണ്ണനല്ലൂർ റോഡിൽ പുന്തലത്താഴം ജംഗ്ഷനിൽ നിന്നും ഏകദേശം 150 മീറ്റർ വടക്ക് മാറി സ്ഥിതി ചെയ്യുന്ന സരസ്വതീക്ഷേത്രമാണ് പേരൂർ മീനാക്ഷി വിലാസം ഗവ.എൽ.പി.സ്കൂൾ. ഇന്ന് കൊല്ലം ജില്ലയിലെ സർക്കാർ ലോവർ പ്രൈമറി സ്കൂളുകളുടെ കൂട്ടത്തിൽ പ്രൈമറി ഉൾപ്പടെ അഞ്ഞൂറോളം കുട്ടികൾ അധ്യയനം നടത്തിവരുന്ന സ്കൂളുകളിലൊന്നാണ് ഞങ്ങളുടെ സ്കൂൾ. എൺപത് ശതമാനം കുട്ടികളും സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവരാണ്. കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരു അധ്യാപകരക്ഷാകർത്തൃ സമൂഹമാണ് ഇവിടെ നിലനിൽക്കുന്നത്. ഈ രക്ഷിതാക്കൾ സ്കൂളിന്റെ പ്രവർത്തനങ്ങളോട് അനുഭാവമായ നിലപാട് സ്വീകരിക്കുകയും നല്ല രീതിയിൽ സഹകരിക്കുകയും ചെയ്യുന്നു. സ്കൂളിനെ മികവിന്റെ പാതയിലേക്ക് നയിക്കുവാൻ എസ് എം സി യുടേയും അധ്യാപകരുടേയും ശക്തമായ കൂട്ടായ്മയ്ക്ക് കഴിയും എന്ന് വിശ്വസിക്കുന്നു.

## കുട്ടികളുടെ എണ്ണം

## 2025-26

| Class | Boys | Girls | Total |
|---|---|---|---|
| Pre-primary | 71 | 62 | 133 |
| I | 43 | 26 | 69 |
| II | 32 | 46 | 78 |
| III | 50 | 39 | 89 |
| IV | 41 | 35 | 76 |
| **Total** | **237** | **208** | **445** |

പ്രീപ്രൈമറി ഉൾപ്പടെ 445 കുട്ടികൾ ഈ വർഷം അധ്യയനം നടത്തിവരുന്ന ടി സ്കൂളിൽ ഹെഡ്മിസ്ട്രസ്, 11 എൽ.പി.എസ്.എ ടീച്ചേഴ്സ്, എൽ പി എസ് ടി ഹെഡ്ടീച്ചർ വേക്കൻസി 1, അറബിക് ടീച്ചേഴ്സ് 2, പിടിസിഎം 1, പ്രീപ്രൈമറി ടീച്ചേഴ്സ് 4, ആയമാർ 2, പാചകത്തൊഴിലാളി 1 എന്നിവർ ഉൾപ്പടെ 23 പേർ ജീവനക്കാരായുണ്ട്.

വിവിധ ദിനാചരണങ്ങൾക്കും കലാകായിക പ്രവർത്തനങ്ങൾക്കും മികച്ച് പ്രാധാന്യം നൽകിവരുന്ന ഞങ്ങളുടെ സ്കൂളിന് കഴിഞ്ഞ സബ്ബ് ജില്ലാതല ശാസ്ത്രഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ മേളയില് മികച്ച ഗ്രേഡുകൾ കരസ്ഥമാക്കാൻ കഴിഞ്ഞു. കഴിഞ്ഞ വർഷത്തെ LSS പരീക്ഷയിൽ പങ്കെടുത്ത കുട്ടികളിൽ 11 പേർക്ക് സ്കോളർഷിപ്പ് നേടിയെടുക്കാൻ കഴിഞ്ഞു എന്നതും ഞങ്ങൾ ക്ക് അഭിമാനിക്കാവുന്ന ഒരു നേട്ടമാണ്. ഇക്കഴിഞ്ഞ സബ്ബ്ജില്ലാതല കലാമേളയിലും, അറബിക് കലാമേളയിലും മികച്ച ഗ്രേഡുകൾ കരസ്ഥമാക്കാൻ ഞങ്ങളുടെ സ്കൂളിന് കഴിഞ്ഞു. കൂടാതെ വിദ്യാരംഗം, സ്പോർട്സ് എന്നിവയിലും മികച്ച നേട്ടം കൈവരിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നുണ്ട്. മികച്ച രീതിയിൽ പ്രവർ ത്തിക്കുന്ന സ്കൂൾ ലൈബ്രറി, അമ്മമാരെ വായനയിലേക്ക് നയിക്കുന്ന അമ്മ വായന, സമൂഹത്തിലെ വായനയിലേക്ക് നയിക്കാനായി തുറന്ന വായനാമൂല എന്നിവയും സ്കൂളിന്റെ മറ്റ് പ്രത്യേകതകളാണ്. മാത്രമല്ല വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന ക്വിസ് പരിപാടികളിലും 1,2,3 സ്ഥാനങ്ങൾ നേടാൻ ഞങ്ങളുടെ കുട്ടികൾക്ക് കഴിയുന്നുണ്ട്.

ഇത്തരത്തിൽ മികച്ച പ്രവർത്തനങ്ങൾ കൊണ്ട് മുന്നിൽ നിൽക്കുമ്പോഴും സ്കൂൾ അനുഭവിക്കുന്ന പരിമിതികളിൽ പ്രധാനമായവ ആഡിറ്റോറിയം, കുട്ടികൾക്ക് ഇരുന്ന് ആഹാരം കഴിക്കുന്നതിനായി ഒരു ഡൈനിംഗ് ഹാൾ, കുട്ടികൾക്കായി കളിസ്ഥലം, സ്മാർട്ട് എയർ കണ്ടീഷനിംഗ് ക്ലാസ്സ് മുറികൾ എന്നിവയാണ്.

**ഇനിയും മെച്ചപ്പെടുത്തേണ്ട ഭൗതികസാഹചര്യങ്ങൾ**

1.എല്ലാക്ലാസ്സ്മുറികളും ഇൻ്റർനെറ്റ് സൗകര്യമുള്ളഎയർ കണ്ടീഷനിംഗ് ക്ലാസ്സ് മുറികളാക്കുക.
2. അറ്റാച്ച്ഡ് ഫ്രണ്ട്ലി ഗേൾസ് ടോയ്ലെറ്റ്
3. എല്ലാ ക്ലാസ്സുകളിലേക്കും കുടിവെള്ളസൗകര്യം
4.പബ്ലിക് അഡ്രസ് സിസ്റ്റം
5. സോളാർ പാനൽ സ്ഥാപിക്കുക
6. ലാംഗ്വേജ് ലാബ്
7. നവീനമായ ഐസിറ്റി ലാബ്
8. ആരോഗ്യകായിക വിദ്യാഭ്യാസ പരിശീലനം ലഭ്യമാക്കുന്നതിനുള്ള സാമഗ്രികൾ
9. കളിസ്ഥലം
10. കുട്ടികൾക്ക് ഇരുന്ന് വായിക്കാവുന്ന തരത്തിലുള്ള വായനാമുറി
11. IEDc Resource Room
12. ഇരുന്നൂറ് പേർക്ക് ഒരേ സമയം ഇരുന്ന് ആഹാരം കഴിക്കുവാൻ സാധിക്കുന്ന ഊണ് മുറി
13. വേസ്റ്റ് ഡിസ്പോസൽ ചെയ്യുന്നതിനായി ബയോഗ്യാസ് പ്ലാൻ്റ്
14. സ്റ്റേജും ഗ്രീൻറൂമും ഉൾപ്പെടുന്ന ആഡിറ്റോറിയം

**ദിനാചരണങ്ങളിലും പിടിഎ മീറ്റിംഗുകളിലും പൊതുജനങ്ങളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നുണ്ട്. കുട്ടികളിൽ മൂല്യാവബോധം വളർത്തുന്നതിനുതകുന്ന തരത്തിൽ വിവിധ പരിപാടികൾ സ്കൂൾ ഏറ്റെടുത്തുവരുന്നു. അതിൽ മികച്ച ഒന്നാണ് കാരുണ്യ സ്പർശം. കുട്ടികളുടേയും അധ്യാപകരുടേയും പിടിഎ യുടേയും സംയുക്ത സഹകരണത്തോടെ നടപ്പാക്കിവരുന്നു. ഒരുപാട് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടും അധ്യാപകർ, പിടിഎ, എസ്എംസി എന്നിവയുടെ ആത്മാർത്ഥമായ പ്രയത്നം മൂലം സ്കൂളിനെ ഒരു മികവിൻ്റെ കേന്ദ്രമാക്കി മാറ്റാൻ ശ്രമിക്കുന്നു. അതിനുതകുന്ന ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് ഞങ്ങളുടെ സ്കൂൾ ഒരുക്കിയിരിക്കുന്നത്.**

## പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ സംസാരിക്കാനും, വായിക്കാനും, എഴുതാനുമുള്ള കഴിവ്.
- സ്കൂളിലെ എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടിയെടുക്കേണ്ടുന്ന പഠനശേഷികൾ അതിന്റെ ഉയർന്ന തലത്തിൽ കൈവരിച്ചു എന്നുറപ്പാക്കും.
- കുട്ടികൾ ഓരോ ക്ലാസ്സിലും നേടിയെടുക്കേണ്ടുന്ന ശേഷികൾ എന്തൊക്കെയാണെന്ന് രക്ഷിതാക്കളെ അറിയിക്കും.
- കുട്ടികളിലെ അക്കാദമിക മികവ് ഉയർത്തി മികച്ച പൗരന്മാരെ സൃഷ്ടിക്കും.
- കലാ, കായിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ച് അവരിൽ നിന്നും കലാകായിക പ്രവർത്തനങ്ങളിൽ മികച്ചവരെ വാർത്തെടുക്കും.
- ലഹരിവിരുദ്ധപ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കി ഒരു ലഹരി വിരുദ്ധ സമൂഹം വാർത്തെടുക്കുന്നതിനുള്ള മികച്ച പൗരന്മാരായി വളർത്തും.
- പ്ലാസ്റ്റിക് ഉത്പന്നങ്ങളും അവ പ്രകൃതിയിൽ വരുത്തുന്ന ദോഷങ്ങളും മനസ്സിലാക്കി അവ ഉപയോഗിച്ച് പ്രകൃതിസ്നേഹികളായ ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ശ്രമിക്കും.
- എല്ലാ കുട്ടികൾക്കും ഹൈടെക്ക് യുഗത്തിൽ ജിവിക്കാൻ പ്രാപ്തമായ രീതിയിൽ കമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടാക്കും.

## STD I ENGLISH

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read write and speak English. Every child should be able to speak fluently, like malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single goes illiterate.

## Sub- objectives

- All learners get interested in English learning
- All engage in games and group level activities
- Listen to narrative and teacher talks and sign of understanding verbally.
- Able to comprehends the instructions of the teacher and responds accordingly ( physical response)
- Familiarize with english words denoting vehicles, animals and birds
- All learners are able to associate the elicited text with those in the text book
- Familiarize with words denoting possession (has/have)
- Familiarize with phatic communication such as Hello, I am sorry, thank you, bye etc..
- Able to describe familiar object orally stating physical attributes such as size colour etc
- Familiarize with the rhythm and pattern of songs
- Able to add own lines to a given song by substituting words/ phrase
- Able to read conversations songs and simple descriptions graphically.
- Construct dialogues related to specific context using fragmentary expressions or mixed with the mother tongue.

## Activities

- ➢ Engaging learners in English learning by using puppets to tells stories and making the session ineractive by having students ask and answer question
- ➢ Engaging learners in activities by playing games likes "Simon says, Red lights. Green lights or Duck, Duck Goose with an English twist to keep then engaged.
- ➢ Helping learners listen and understand by reading short stories or playing audio clips then asking simple questions about the content to check understanding.

- Ensuring learners comprehends instructions by giving instructions involving physical actions like “Touch your nose” Jump three times or Raise your hands. If you have a red shirts.
- Helping learners associate text with textbooks by providing text and image from their text books and asking them to match them correctly.
- Teaching possessive words (has/have) by having students bring an items from home and describe it using has or have.

  Eg : My toy car has four wheels
- Familiarizing learners with phatic communication by setting up role playing scenarios where students greet each other, apologize say thank you and hid farewells using phrase like Hello, I am sorry, Thank you and bye.
- Helping learners describe familiar objects by having students draw an objects and describe it using words for size and colour etc…

  Eg : My ball is big and red
- Helping learners constructed dialogue by providing scenarios and having students construct dialogue using simple sentences and expressions mixing with their mother tongue. If necessary for understanding.

By implementing these activities, I will help grade I students achieve their English learning objectives in an engaging and effective way.

## STD I　　　　　　　　　　Mathematics

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതരപ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളിപോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസ്സിൽ നിന്നുതന്നെ ലളിതമായ ഗണിതപ്രവർത്തനങ്ങൾ നൽകാവുന്നതാണ്. ഇതിനായി ഗണിതപ്രവർത്തനങ്ങൾ ലളിതവും ഉല്ലാസകരവുമാക്കേണ്ടതാണ്. പാട്ടുകളിലൂടെയും കഥകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

### ലക്ഷ്യങ്ങൾ

- ത്രികോണം, വൃത്തം, ചതുരം എന്നിവ തിരിച്ചറിയുന്നു, പറയുന്നു, വരയ്ക്കുന്നു.
- കൂടുതൽ, കുറവ്, വലുത്, ചെറുത്, നീളം കൂടിയത്, നീളം കുറഞ്ഞത് തുടങ്ങിയ പ്രാഗ് ഗണിതാശയങ്ങൾ തിരിച്ചറിയുന്നു.
- 1 മുതൽ 100 വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു, പറയുന്നു.
- നിത്യജീവിതവുമായി ബന്ധപ്പെടുത്തി സംഖ്യകൾ ഉൾപ്പെടുന്ന ആശയങ്ങൾ വിശകലനം ചെയ്യുന്നു. ലഘു പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.
- ഒന്നിനോട് ഒന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടുമെന്നും ഒന്നിൽ നിന്നും ഒന്നു കുറച്ചാൽ മറ്റൊരു സംഖ്യ കിട്ടുമെന്നും തിരിച്ചറിയുന്നു.
- ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്നിവ തിരിച്ചറിയുന്നു. ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാകുന്നു.
- വലിയ സംഖ്യ, ചെറിയസംഖ്യ, ആരോഹണ, അവരോഹണക്രമം എന്നിവ പറയുന്നു, എഴുതുന്നു.
- രണ്ടു രണ്ടക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനം, വ്യവകലനം ( പുനക്രമീകരണം ഇല്ലാത്തവ) എന്നീ പ്രവർത്തനങ്ങളിലേർപ്പെടുന്നു.
- വിലവിവരപട്ടിക, പ്രാഗ് വിശകലനപ്രവർത്തനങ്ങൾ ഗണിതാശയങ്ങളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ എന്നിവ പൂർത്തിയാക്കുന്നു.
- സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

<u>**ഉപലക്ഷ്യങ്ങൾ**</u>

- ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കുക
- ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കുക
- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക
- സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാവ്യാഖ്യാനം തുടങ്ങിയ പഠനനേട്ടം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം
- പ്രവർത്തന വിശദാംശങ്ങൾ

➢ ഗണിതകേളികൾ

ക്ലാസ്സ് റൂമിൽ കുട്ടികൾക്കായി രസകരമായ നിരവധി ഗണിതകേളികൾ നടത്തുന്നു. എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു. ജൂൺ മാസം മുതൽ മാർച്ച് മാസം വരെ തുടരുന്നു.

➢ മഞ്ചാടി സഞ്ചി

രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും മഞ്ചാടി സഞ്ചി. ഇതിലേയ്ക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കാൻ രക്ഷിതാക്കൾക്കും കുട്ടികൾക്കും നിർദ്ദേശം നൽകുന്നു. ജൂൺ മാസം നടപ്പിലാക്കുന്നു. ജൂൺ മുതൽ മാർച്ച് വരെ തുടരുന്നു.

➢ എന്റെ കുഞ്ഞുപുസ്തകം

എല്ലാ കുട്ടികൾക്കും എന്റെ കുഞ്ഞുപുസ്തകം തയ്യാറാക്കുന്നു. ഫലപ്രദമായി ക്ലാസ്സ് മുറിയിൽ പ്രയോജനപ്പെടുത്തുന്നു. ജൂൺ മുതൽ മാർച്ച് വരെ തുടരുന്നു.

**STD I** **Malayalam**

## ആമുഖം

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവുംം വൈകാരികവുംമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ അധ്യയനവർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കികൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.
- ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാപുസ്തകം രൂപപ്പെടുത്തുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
- സ്വന്തമായി എഴുതാനും, വായിക്കാനും, വിവിധരചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റേയും അധ്യാപകരുടേയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

**ഉപലക്ഷ്യങ്ങൾ**

- വായനമൂല, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ

- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്രരചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു
- വായനോത്സവം സംഘടിപ്പിച്ച് ആസ്വാദ്യകരമായ വായന നടത്തുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു. ജൂൺ മുതൽ മാർച്ച് വരെ തുടരുന്നു.
- ക്ലാസ്സ്പത്രം രൂപപ്പെടുത്തുന്നു
- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കി മാർച്ച് വരെ തുടരുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- ഭാഷോതസവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു. ജൂൺ വരെ തുടരുന്നു

➢ എന്റെ കുഞ്ഞുപുസ്തകം

എല്ലാ കുട്ടികൾക്കും എന്റെ കുഞ്ഞുപുസ്തകം തയ്യാറാക്കുന്നു. ഫലപ്രദമായി ക്ലാസ്സ് മുറിയിൽ പ്രയോജനപ്പെടുത്തുന്നു. ജൂൺ മുതൽ മാർച്ച് വരെ തുടരുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ മുന്നോട്ട് വച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ചുവട് പിടിച്ച് ഓരോ കുട്ടിയുടേയും സമഗ്രീയ ഗുണമേന്മ ലക്ഷ്യം വച്ച ആശയമാണ് സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. വിദ്യാലയമികവും, അക്കാദമിക മികവും ഉയർത്തി വിദ്യാലയങ്ങൾ മികവിലേക്ക് ഉയരണമെങ്കിൽ ഓരോ കുട്ടിയേയും യൂണിക്കായി പരിഗണിച്ച് അവരുടെ ഓരോരുത്തരുടേയും മികവ് ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. ഇത്തരത്തിലുള്ള സൂക്ഷ്മതല ആസൂത്രണത്തിലൂടെ വ്യക്തിഗതമാസ്റ്റർ പ്ലാനും, വിഷയങ്ങളുടെ പൊതുക്രോഡീകരണം ചേർത്ത് വച്ച് ക്ലാസ്സ്തല മാസ്റ്റർ പ്ലാനും രൂപപ്പെടുത്തേണ്ടതുണ്ട്.

ഇംഗ്ലീഷ് ഭാഷ ഒരു കീറാമുട്ടിയായിട്ടാണ് കുട്ടികൾക്ക് അനുഭവപ്പെടുന്നത്. ഒരോ വിദേശഭാഷയും ഒരു ശബ്ദരഹിതമായ ഭാഷ ആയതുകൊണ്ടുതന്നെ ഇംഗ്ലീഷ് ആശയമികവിനായി സൂക്ഷമതല ആസൂത്രണം അനിവാര്യമാണ്. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിനായി തീർച്ചയായും അവ കേൾക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള അവസരങ്ങൾ സൃഷ്ടിച്ച് അതിലൂടെ ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റാനാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നത്.

## അവസ്ഥാവിശകലനം

രണ്ടാം തരത്തിലെ 79 കുട്ടികളിൽ മലയാളം മീഡിയത്തിൽ 11 കുട്ടികളും, 68 കുട്ടികൾ ഇംഗ്ലീഷ് മീഡിയത്തിലുമായാണ് പഠിക്കുന്നത്. മലയാളം മീഡിയത്തിലെ ഒരു കുട്ടി CWSN കുട്ടിയും, മറ്റ് കുട്ടികൾ തീരെ പിന്നോക്കാവസ്ഥയിലുമാണുള്ളത്. അതായത് മുൻ ക്ലാസിൽ നിന്ന് നേടിയെടുക്കേണ്ട ശേഷികൾ താഴ്ന്ന നിലവാരത്തിൽ മാത്രം നേടിയവരാണ്. അതിൽ പുതിയതായി എത്തിച്ചേർന്ന മൂന്ന് കുട്ടികളിൽ ഒരാൾ തീരെ താഴ്ന്ന നിലവാരത്തിലും രണ്ട് പേർ ശരാശരി നിലവാരത്തിലുമാണുള്ളത്. ഈ 11 കുട്ടികളിൽ ഭൂരിഭാഗം പേരും വിവിധ ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരും അതുമൂലം തന്നെ കൃത്യമായി എത്തിച്ചേരാത്തവരുമാണ്.

ഇംഗ്ലീഷ് മീഡിയത്തിലുള്ള 68 കുട്ടികളിൽ പകുതി കുട്ടികളും ഇംഗ്ലീഷിന് ശരാശരി നിലവാരത്തിലും താഴെയുള്ളവരാണ്. എന്നു മാത്രമല്ല ഇംഗ്ലീഷ് ആശയവിനിമയശേഷി തീരെക്കുറവാണ്. ഓന്നോ രണ്ടോ കുട്ടികൾക്ക് മാത്രമാണ് നിർ

ദ്ദേശങ്ങൾ മനസ്സിലാക്കി പ്രതികരിക്കാൻ കഴിയുന്നത്. രക്ഷിതാക്കളുടെ വിദ്യാഭ്യാസ കുറവും സമയക്കുറവും ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനുള്ള അവസരക്കുറവും ഭാഷ നന്നായി കൈകാര്യം ചെയ്യാൻ കഴിവുള്ള അധ്യാപകരുടെ കുറവും ഒരു പരിധി വരെ ഇംഗ്ലീഷ് ഭാഷയെ പിന്നോട്ട് വലിക്കുന്ന കാര്യങ്ങളാണ്.

ICT സാധ്യത ഉപയോഗിച്ചും experts നെ ഉപയോഗിച്ചും ഇത്തരം പ്രശ്നങ്ങളെ ഒരു പരിധി വരെ കുറയ്ക്കാം.

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക
- സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക
- ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക
- സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.

# STD II ENGLISH

| AIM | ACTIVITIES | TERM | DUTIES | EXPENSE |
|---|---|---|---|---|
| To understand the level of Children | Pre-test | June 2nd week | SRG, Trs | PTA |
| Increasing listening skills | 1. Creating an english atmospheric class room<br>2. playing games by listening to the simple instructions given by the teacher<br>3. Take part in crafts and origamic activities by listen to the instructions given by the teacher<br>4. Take part in simple Zumba dance by listening the instructions given by the teacher<br>5. Listening model stories told by the teacher<br>6. Listens to the stories by elder students and parents.<br>7. Listens to the stories by experts<br>8. Each day story time-giving stories through wats app group and listens to it.<br>9. Rhyme time- giving rhymes twice in a week through wats app group and listens it<br>10. All day hearing of phonetical pronounciation of letter song<br>11. Listens to simple poems by elders.<br>12. Listens to simple poems by experts<br>13. Listens to model conversations given by the teacher | | | |

| | | | | |
|---|---|---|---|---|
| Increasing speaking skills | 1. Giving some simple instructions through english to their classmates<br>2. Giving simple descriptions about an object given by the teacher ( one at everyday)<br>3. Giving simple descriptions about a picture given by the teacher ( twice in a week)<br>4. English assembly ( once in a week)<br>5. English class sabha<br>6. Reading todays school news<br>7. Simple speeches<br>8. Self introduction of others (friends)<br>9. Taking class attendance<br>10. Saying simple riddles<br>11. Pretending as teacher<br>12. Pretending as cartoon character and introduces themselves<br>13. Adding lines to a given rhyme<br>14. Adding events to the story | September to November | SRG, English club Convenor, Teachers | |
| To increase reading skills | 1. Reading of kids magazines<br>2. Find the words saying by the teacher<br>3. Making using letter cards. Reading that words<br>4. Chain reading<br>5. Relay reading<br>6.Reading marathon<br>7. Choral reading<br>8. Felicitation card making<br>9. Vayanavela | November December January | | |

| | | | | |
|---|---|---|---|---|
| To increase writing skills | 1. Making word web to the given word<br>2. Using the word web writing description<br>3. Showing pictures, objects etc and let them to write descriptions<br>4. Making word chain<br>5. Making simple riddles and write it<br>6. Adding more lines to given rhymes<br>7. Writing picture stories by giving pictures<br>8. Making their own magazines by chunking the stories<br>9. Writing conversations to given context<br>10. Dairy writing using simple language<br>11. Writing script for skit and readers theatre etc<br>12. Rachanolsavam<br>13. Publshing theory book of their own | January<br>February<br>March half | SRG,<br>Teachers,<br>English club | PTA |
| | 1.English fest<br>2.Readers Theatre<br>3.English assembly | March | | |

| STD : II | മലയാളം | |
|---|---|---|
| പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു | അക്ഷര പരിചയം ഉറപ്പു വരുത്തുന്നു.<br>പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി തുടക്കത്തിൽ തന്നെ അക്ഷരജ്ഞാനം ഉറപ്പാക്കുന്നു<br>വായനാക്കാർഡുകൾ, പാഠപുസ്തകം, കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ ഇവ പരമാവധി ഉപയോഗപ്പെടുത്തുന്നു<br>ക്ലാസ്സ് ലൈബ്രറി പ്രയോജനപ്പെടുത്തുന്നു<br>ക്ലാസ്സിൽ വായനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു<br>കുട്ടിയും രക്ഷിതാവും ചേർന്ന് വായന<br>ദിനാചരണങ്ങൾ, അസംബ്ലി എന്നിവ പ്രയോജനപ്പെടുത്തുന്നു | ജൂൺ - ആഗസ്റ്റ്<br>ജൂൺ - മാർച്ച് |
| താളം മനസ്സിലാക്കി കവിതകൾ ഈണത്തിൽ ഭാവാത്മകമായി അവതരിപ്പിക്കുന്നു | പാട്ടരങ്ങ്<br>കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു<br>ഈണം, താളം, ഭാവം എന്നിവ പാലിച്ച് കവിത ചൊല്ലുന്നു.<br>കൂടുതൽ കവിതകൾ കണ്ടെത്തുന്നു. സ്കൂൾ റേഡിയോ പ്രോഗ്രാം, ബാലസഭ ഇവയിൽ അവതരിപ്പിക്കുന്നു | ജൂൺ -മാർച്ച്<br>ജൂലൈ - മാർച്ച് |
| റീഡേഴ്സ് തീയേറ്റർ | പാഠപുസ്തകങ്ങളിലെയും ലഘുസാഹിത്യകൃതികളിലേയും സന്ദർഭങ്ങളെ ഇതിലൂടെ അവതരിപ്പിക്കുന്നു | |

| | | |
|---|---|---|
| രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളേയും സ്വതന്ത്രവായന, സ്വതന്ത്ര രചനഎന്നീ മേഖലകളിൽ മികവ് പുലർത്തുന്ന വരാക്കുക | വായന മത്സരം, വായനോത്സവം, ക്ലാസ്സ് പത്രം, മാഗസിൻ തുടങ്ങിയവ നടത്തുന്നു | ജൂലൈ - മാർച്ച് |
| സംയുക്ത ഡയറി<br><br>സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്രരചന നടത്തുന്നു. | സിപിറ്റിഎ യിൽ ഡയറി പരിചയപ്പെടുത്തൽ- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ. എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. കൗതുകമുള്ള ഡയറിക്കുറിപ്പുകൾ എസ് ആർജി യിൽ പങ്ക് വയ്ക്കുന്നു.<br>ഡയറി പ്രകാശനം<br>നിർദ്ദേശിക്കുന്ന ആശയങ്ങൾക്കനുസരിച്ച് ലഘുക്കുറിപ്പുകൾ എഴുതുന്നു<br>കൃത്യമായ ക്ലാസ്സ് ടെസ്റ്റുകൾ നടത്തുന്നു<br>കഥാ പൂരണം, കവിതാപൂരണം തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു | ജൂലൈ - മാർച്ച്<br><br>ജനുവരി<br><br>ജൂലൈ - മാർച്ച് |

| STD : II | ഗണിതം | |
|---|---|---|
| പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| വിവിധ രൂപങ്ങൾ തിരിച്ചറിയുക അവയുപയോഗിച്ച് മറ്റ് രൂപങ്ങൾ നിർമ്മിക്കുക,നിറം നൽകുക, നിറം നൽകി വ്യത്യസ്ത പാറ്റേണുകൾ നിർമ്മിക്കുക | രൂപങ്ങൾ പരിചയപ്പെടൽ അവയുടെ പ്രത്യേകതകൾ മനസ്സിലാക്കൽ<br>രൂപങ്ങളുടെ നിർമ്മാണം (ക്ലാസ്സ് തല ശില്പശാല)<br>രൂപങ്ങൾക്ക് നിറം നൽകി പുതിയ പാറ്റേണുകൾ രൂപീകരിക്കൽ<br>ഗണിതകേളി ദ്വിമാനരൂപങ്ങൾ<br>കണ്ണടച്ച് തൊട്ട് തിരിച്ചറിയൽ<br>ക്ലാസ്സ് തല മാഗസിൻ നിർമ്മാണം | ജൂൺ<br><br>ചുമതല ക്ലാസ്സ് ടീച്ചർ |
| സംഖ്യാബോധം<br>1 മുതൽ 200 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു | നിലവാരം വിലയിരുത്തൽ<br>സംഖ്യകൾ 1 മുതൽ 200 വരെ തുടർച്ചയായി എഴുതൽ<br>സംഖ്യാകാർഡുകൾ ഏതെന്നു പറയൽ<br>സംഖ്യാകാർഡുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രമമായി നിൽക്കൽ<br>സംഖ്യാമാല പൂർത്തിയാക്കൽ<br>വിട്ടുപോയ സംഖ്യകൾ എഴുതൽ | ജൂലൈ - സെപ്റ്റംബർ<br><br>ചുമതല ക്ലാസ്സ്ടീച്ചർ |

| | | |
|---|---|---|
| സംഖ്യകൾ അക്ഷരത്തിലും അക്കത്തിലും എഴുതുന്നു, വായിക്കുന്നു<br><br>കൂടുതൽ, കുറവ് കണ്ടെത്തൽ | കൂട്ടുകാരെ കണ്ടെത്തൽ<br>സംഖ്യാകേളി<br>ശരിയായത് തമ്മിൽ യോജിപ്പിക്കുക<br><br>സംഖ്യാകേളി<br>സംഖ്യാപോക്കറ്റ്<br>വർക്ക്ഷീറ്റ് | ജൂലൈ - സെപ്റ്റംബർ<br><br>ചുമതല ക്ലാസ്സ്ടീച്ചർ |
| സംഖ്യകൾ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതൽ | കൂട്ടങ്ങളാക്കൽ (കളിനോട്ട്)<br>സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കൽ<br>അരവിന്ദഗുപ്തസ്ലിപ്പ് | ജൂലൈ - സെപ്റ്റംബർ |
| സംഖ്യകളെ ക്രമീകരിക്കൽ | ആരോഹണ അവരോഹണക്രമത്തിൽ എഴുതുന്നു<br>ലഭിച്ച കാർഡുകൾക്കനുസരിച്ച് അവരോഹണ<br>ആരോഹണ ക്രമത്തിൽ നിൽക്കുന്നു. | ജൂലൈ - സെപ്റ്റംബർ<br><br>ചുമതല ക്ലാസ്സ്ടീച്ചർ |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു | കളിനോട്ടുകൾ ഉപയോഗിച്ച് പ്രശ്നം പരിഹരിക്കൽ<br>കളികളിലൂടെ പ്രശ്നം പരിഹരിക്കൽ | ജൂലൈ - മാർച്ച് |
| സങ്കലന - വ്യവകലന ക്രിയകൾ വരുന്ന പ്രശ്നങ്ങൾ പരിഹരിക്കൽ | സംഖ്യാകാർഡുകൾ, സംഖ്യാപോക്കറ്റ്, അബാക്കസ് എന്നിവ ഉപയോഗിച്ച് ക്രിയകൾ ഉറപ്പിക്കൽ | ജൂലൈ - മാർച്ച് |
| കലണ്ടർ അറിയാം | ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ,<br>മാസത്തിലെ ദിവസങ്ങളുടെ വ്യത്യാസം അറിയൽ,<br>പാറ്റേൺ രൂപീകരിക്കൽ | മാർച്ച് |

| **STD : III** | **ഗണിതം** | |
|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ |
| | ഈർക്കിൽ, കമ്പുകൾ, വളകൾ എന്നിവ ഉപയോഗിച്ച് ചതുരം, വൃത്തം, ത്രികോണം എന്നിവ നിർമ്മിക്കുന്നു. തോരണം, തോണി നിർമ്മാണം (A4 paper) വെജിറ്റബിൾ പ്രിന്റിംഗ്, ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്ത് വച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു | ജൂൺ ജൂലൈ |
| 999വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യാപാറ്റേണുകൾ, നാണയങ്ങൾ, കളിനോട്ടുകൾ, ഗണിത പാറ്റേണുകൾ (ഗണിത ക്ലബ്ബ്) ഓരോ കുട്ടിക്കും കണക്കുപെട്ടി ഗണിതശില്പശാല നിർമ്മിക്കേണ്ടത്. കമ്പ് കെട്ടുകൾ, സംഖ്യസ്ലിപ്പുകൾ, അബാക്കസ് നിർമ്മാണം | ആഗസ്റ്റ് |
| എല്ലാ കുട്ടികൾക്കും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ, പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം, മന:ഗണിതത്തിനു പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ | സെപ്റ്റംബർ |
| സങ്കലന, വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു | മന:കണക്കുകൾ, നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ രണ്ട് മൂന്നക്കസംഖ്യകളുടെ സങ്കലനക്രിയ, സ്ഥാനവില, സംഖ്യകൾ പിരിച്ചെഴുതൽ, സങ്കലനക്രിയ കണ്ടെത്തൽ | ഒക്ടോബർ നവംബർ |
| ഗുണനവസ്തുത നേടൽ | മന:കണക്കുകൾ, മഞ്ചാടിക്കളി, ICT | ഡിസംബർ ജനുവരി |
| ഹരണക്രിയയുമായി ബന്ധപ്പെട്ട പ്രവർത്തനശേഷി നേടൽ | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ICT വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി മാർച്ച് |

| **STD : III** | **EVS** | |
|---|---|---|
| നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തിയെടുക്കുക, ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം | സമഗ്രഗുണമേന്മപദ്ധതിയുമായി ബന്ധപ്പെട്ട ആറ് തീമുകളെ അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതി പ്രവർത്തനങ്ങൾ<br>വിവിധതരം സസ്യങ്ങളേയും അവയുടെ പ്രത്യേകതകളേയും മനസ്സിലാക്കാം<br>പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കാം<br>ജീവികളുടെ പരസ്പരാശ്രയത്വം ബോധവത്ക്കരണം<br>പരിസ്ഥിതി ദിനം<br>വൃക്ഷത്തൈ നടീൽ<br>സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മാണവും പരിപാലനവും<br>പരിസ്ഥിതി സംരക്ഷണ പോസ്റ്റർ നിർമ്മാണം<br>മഴക്കുഴി നിർമ്മാണം | ജൂൺ - മാർച്ച്<br><br>ജൂൺ- ജൂലൈ |

| | | |
|---|---|---|
| കുട്ടികളെ വ്യക്തിശുചിത്വവും<br>പരിസരം ശുചിത്വവും<br>ഉള്ളവരാക്കി മാറ്റുക | വ്യക്തിശുചിത്വ പരിശോധന<br>ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ<br>വരാവൂ എന്ന ബോധം ക്ലാസ്സ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>സ്കൂൾ, ക്ലാസ്സ് റൂം, അടുക്കള, മുറ്റം, ടോയ്ലറ്റ് ,<br>പരിസരശുചിത്വം വൃത്തി ഉറപ്പാക്കൽ<br>ആവശ്യമായ ഇടങ്ങളിൽ നിർദ്ദേശങ്ങൾ പതിക്കൽ<br>നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നങ്ങൾ<br>മനസ്സിലാക്കാം<br>മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>ആരോഗ്യം - ശുചിത്വം എന്നിവയുടെ ബോധവത്ക്കരണം<br>ശുചിത്വ സന്ദേശങ്ങൾ തയ്യാറാക്കൽ | |
| പരീക്ഷണ നിരീക്ഷണ പ്രവർത്തന<br>ങ്ങളിലൂടെ പരിസ്ഥിതി സൗഹൃദ<br>മനോഭാവം വളർതതിയെടുക്കുക | മണ്ണിനെ അറിയാൻ നമ്മുടെ നാടിനെ, പരിസ്ഥിതിയെ<br>അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>(കുളം, വയൽ, കാട്)<br>പക്ഷി നിരീക്ഷണം<br>ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം<br>മണ്ണ് സംരക്ഷണദിനം<br>പ്രകൃതിസംരക്ഷണം- വിവിധ മത്സരങ്ങൾ<br>ജല സംരക്ഷണ പ്രവർത്തനങ്ങൾ<br>സ്കൂൾ ഹരിതക്ലബ്ബ് രൂപീകരണം<br>മണ്ണ് നിരീക്ഷണം - മണ്ണ് കൊണ്ടുള്ള രൂപങ്ങൾ നിർമ്മിക്കൽ<br>മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>മൂച്ചട്ടി, അരിപ്പ, മഴമാപിനി നിർമ്മാണം<br>കിണർ സന്ദർശനം, ജല സംരക്ഷണ പോസ്റ്റർ നിർമ്മാണം | |

| | | |
|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | ശാസ്ത്ര കൗതുകം വളർത്തുന്ന ലഘുപരീക്ഷണങ്ങൾ<br>മികച്ച ശാസ്ത്രാധ്യാപകന്റെ സേവനം ലഭിക്കുന്നു<br>ശാസ്ത്രപ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീടിനകത്തും<br>ഫീൽഡ് ട്രിപ്പ് - പഴം /പച്ചക്കറികട<br>ഫുഡ് ഫെസ്റ്റിവൽ<br>എന്റെ ആരോഗ്യകാർഡ്<br>ശരിയായ ഭക്ഷണശീലം പോസ്റ്റർ<br>ആരോഗ്യവിദഗ്ധരുടെ ക്ലാസ്സ്<br>ഫസ്റ്റ് എയ്ഡ് കിറ്റ് തയ്യാറാക്കൽ<br>സ്വയം സുരക്ഷ - ചർച്ച (പത്ര കട്ടിംഗ്) ബോധവത്ക്കരണം<br>റോൾ പ്ലേ - റോഡ് നിയമങ്ങൾ<br>സ്കൂൾ ഹെൽത്ത് ക്ലബ്ബ്, ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>വ്യത്യസ്ത തരം ജോലികൾ - സർവ്വേ<br>പൊതു സ്ഥാപനം - ഇന്റർവ്യൂ - ഫീൽഡ് സന്ദർശനം<br>വ്യത്യസ്തതരം വീടുകൾ - ആൽബം<br>വീട് നിർമ്മാണ ഇടം- സന്ദർശനം<br>ജീവികളുടെ കൂടുകൾ - ചിത്രശേഖരണം<br>ശാസ്ത്ര കൗതുകം വളർത്തുന്ന ലഘുപരീക്ഷണം<br>ആഹാരവും ആരോഗ്യവും<br>ഭക്ഷണകാര്യങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ<br>ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ<br>കേരളത്തിന്റെ തനത് ഭക്ഷണ സംസ്കാരം തിരിച്ചറിഞ്ഞ്<br>തിരിച്ച് പിടിക്കാനുള്ള ശ്രമം<br>വിവിധ ആവാസവ്യവസ്ഥകളുടെ സംരക്ഷണം<br>ആകാശവിസ്മയങ്ങൾ, ഭൂമി, ഭ്രമണം, പരിക്രമണം<br>പരീക്ഷണ പ്രവർത്തനങ്ങൾ<br>നിരീക്ഷണ പ്രവർത്തനങ്ങൾ<br>ഗ്ലോബ് നിർമ്മാണം | |

| STD : III | മലയാളം | | |
|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല/ഭൗതികം |
| എഴുത്ത്, വായന, സംസാരശേഷി എന്നിവ വർദ്ധിപ്പിക്കുന്നു | പ്രീടെസ്റ്റ്<br>വാക്കുകൾ നിർമ്മിക്കുന്നു<br>വാക്യങ്ങൾ നിർമ്മിക്കുന്നു<br>ചിത്രത്തിന് അടിക്കുറിപ്പ് നൽകുന്നു<br>ചിത്രം നൽകി കഥ പറയുന്നു<br>കഥ എഴുതുന്നു<br>കഥയുടെ ബാക്കി പറയുന്നു<br>ഭാവാത്മക വായന<br>കടങ്കഥ, പഴഞ്ചൊല്ല് ശേഖരണം ക്ലാസ്സ് അവതരണം<br>ICT ഉപയോഗിച്ച് നാടൻ പാട്ട് കേൾക്കുന്നു | ജൂൺ - ജൂലൈ | ക്ലാസ്സ് ടീച്ചർ |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>അക്ഷരകാർഡ് നൽകി വാക്കുകൾ എഴുതിക്കുന്നു<br>ചിത്രവായന<br>ചിത്രം നോക്കി കഥ പറയുന്നു<br>ചിത്രം നോക്കി വാക്കുകൾ എഴുതുന്നു | ജൂൺ - ജൂലൈ | ക്ലാസ്സ് ടീച്ചർ |

| | | | |
|---|---|---|---|
| എല്ലാ കുട്ടികളേയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുന്നു | വായനാകാർഡുകൾ നൽകി വായിപ്പിക്കുന്നു.<br>വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ വായനാക്കുറിപ്പായി എഴുതുന്നു<br><br>കഥാപുസ്തകങ്ങൾ വായിക്കുന്നു<br>വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുന്നു<br>പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ ചെയ്യുന്നു<br><br>എഴുത്ത്<br>Word web നിർമ്മിക്കുന്നു<br>ചിത്രവിവരണം നടത്തുന്നു<br>ചോദ്യങ്ങൾ നിർമ്മിക്കുന്നു<br>ചോദ്യോത്തരപ്പയറ്റ് നടത്തുന്നു<br>വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വരികൾ എഴുതുന്നു | ജൂൺ മുതൽ മാർച്ച് വരെ | |
| ആശയങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള ക | ക്ലാസ്സിലെ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്ന<br>ക്ലാസ്സ് തല പതിപ്പുകൾ തയ്യാറാക്കുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ |
| മികച്ച വായനാശീലം വളർത്തുക | വായനാശീലം വളർത്താനായി ക്ലാസ്സ് മുറിയിൽ ക്ലാസ്സ് ലൈബ്രറി തയ്യാറാക്കുന്നു.<br>ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്ക് ഇതിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി |

| | | | |
|---|---|---|---|
| വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക | കഥ പറയൽ, കവിതാപാരായണം, ഭാഷാ പോസ്റ്ററുകൾ, ഭാഷാ മികവ് പ്രകടിപ്പിക്കാനുള്ള അവസരം<br>റോൾപ്ലേ<br>അനുഭവക്കുറിപ്പുകൾ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് ക്ലാസ്സ്ടീച്ചർ |
| കുട്ടികളെ മികച്ച വായനക്കാരാക്കുക | ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കുന്നു<br>പത്രവായന<br>വായനാനുഭവം പങ്കുവയ്ക്കൽ<br>വായനാക്കുറിപ്പ്<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>ദിനാചരണങ്ങൾ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ | ക്ലാസ്സ് ലൈബ്രറി |
| കുട്ടിയെ മികച്ച എഴുത്തുകാരാക്കുക | വായനക്കുറിപ്പ് പതിപ്പ്<br>ചുമർപത്രിക പതിപ്പ് (ക്ലാസ്സ് തല പഠനപ്രവർത്തനം) | ജൂലൈ മുതൽ | ക്ലാസ്സ് ടീച്ചർ |

| **STD : III** | **ENGLISH** | | |
|---|---|---|---|
| AIM | ACTIVITIES | TERM | DUTIES |
| To understand the level of children | Pre test<br>Write simple words. Circle the word from<br>Text book and read | June | Teachers |
| Increasing listening skills | Create an english atmosphere to the classroom<br>Playing games by listening to simple<br>Instructions by the teacher<br>Take part in simple Zumba dance by listening<br>the instruction by the teacher<br>Listening model stories using ICT<br>Hello English activities<br>Listens to simple rhymes, skit, conversations,<br>Action songs<br>Listen to simple poems | June to March | |
| Increasing speaking skills | Giving some simple instructions through<br>english classes<br>Giving simple descriptions about picture given<br>By the teacher<br>English assembly<br>English news reading<br>Identify the action words from the picture | July to October | SRG, PTA, Teachers |
| Develop the creative speaking<br>And writing | Develop the book reading<br>Find the word web<br>Increase the picture reading and rhyming<br>Activities | July to September | Teachers |

| | | | |
|---|---|---|---|
| Increasing writing skills | Make word web<br>Picture description<br>Make words and sentence<br>Make riddles, conversation<br>Add more lines | June to March | Teachers<br><br>SRG |
| To express thoughts feelings | Library book reading<br>Conversation, skit, stories<br>Use ICT Read notice<br>Develop Stories | August to March | |
| Writing skills | Description thought | September to February | |

| STD : IV | മലയാളം | | |
|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല/ഭൗതികം |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ.<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ,വാക്ക്,വാക്യനിർമ്മാണ പ്രവർത്തനങ്ങൾ,<br>വായനാകാർഡുകൾ, പുസ്തക വായന, കഥാചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിപ്പിക്കുന്നു.<br>ICT ഉപയോഗപ്പെടുത്തൽ | ലക്ഷ്യം നേടുന്നത് വരെ | SRG<br><br>Class teacher |
| വായനാശേഷി വളർത്തൽ | ക്ലാസ്സ് വായനാക്കൂട്ടം ക്ലാസ്സ് ലൈബ്രറി ഒരുക്കൽ,<br>പുസ്തക പരിചയം, വായനാക്കുറിപ്പ്,ആസ്വാദന ക്കുറിപ്പ്. രചനാക്കുറിപ്പ് | വർഷം മുഴുവൻ | SRG<br><br>Class teacher |
| എഴുത്ത് പരിപോഷിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ ഉൾപ്പെടുത്തി രചനകൾ സർഗ്ഗാത്മക രചനകൾ,<br>ഡയറി എഴുത്ത് | വർഷം മുഴുവൻ | SRG<br><br>Class teacher |
| സാഹിത്യകാരന്മാരുടെ ജന്മചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ,<br>പുസ്തക പരിചയം<br>ക്വിസ് | ആവശ്യാനുസരണം | SRG<br><br>Class teacher |

| | | | |
|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG<br>CPTA<br>Class teacher |

| STD : IV | ഗണിതം | | |
|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല/ഭൗതികം |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ<br>ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ (ചതുരം, വട്ടം, ത്രികോണം, സമച തുരം, ചതുരക്കട്ടഗോളം, ക്യൂബ്, കോൺ, വൃത്തസൂചിക) | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ആസൂത്രണവും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ജൂൺ | ക്ലാസ്സ് ടീച്ചർ, SRG |
| സംഖ്യാബന്ധം തിരിച്ചറിയൽ<br>പാറ്റേൺ സംഖ്യാബോധം<br>ഗണനചിന്ത<br>യുക്തിചിന്ത<br>പ്രശ്നാപഗ്രഥനം<br>നിർദ്ധാരണം | നമ്പർ പ്ലേറ്റ്<br>സംഖ്യാകാർഡുകൾ<br>സംഖ്യാസ്ലിപ്പ്<br>അബാക്കസ്<br>സംഖ്യാചാർട്ട്<br>എന്നിവ ഉപയോഗിച്ച് സംഖ്യാബോധം നേടൽ (ആയിരത്തിനുമപ്പുറം) | ജൂൺ<br>ജൂലൈ | ക്ലാസ്സ് ടീച്ചർ |
| സംഖ്യയെ പിരിച്ചുപറയൽ, വ്യാഖ്യാ നിക്കൽ സ്ഥാനവില തിരിച്ചറിയുന്നു. സംഖ്യകൾ എഴുതൽ കറൻസി മൂല്യം തിരിച്ചറിയൽ, പ്രശ്നപരിഹരണശേ ഷി വർദ്ധിപ്പിക്കൽ, റോമൻ അക്ക ങ്ങൾ തിരിച്ചറിയാൻ ഉപയോഗിക്കു ന്ന സന്ദർഭങ്ങൾ | പ്രശ്നോത്തരി, പാറ്റേൺ, സംഖ്യാചിത്രം പിരി ച്ചെഴുതാം, പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്ത നം, ക്ലാസ്സ്മുറിയിൽ ഒരുക്കൽ യാത്ര കച്ചവടം കറൻസി വിനിമയം ചെയ്യൽ | ജൂലൈ ആഗസ്റ്റ് | |

| | | | |
|---|---|---|---|
| ഗണിതശാസ്ത്രപഠനം രസകരമാക്കൽ-<br>കരചലനശേഷി വികാസം | ഒറിഗാമിരൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ഉചിതമായ സമയങ്ങളിൽ വർഷത്തിൽ ഒരു പ്രാവശ്യം | ക്ലാസ്സ് ടീച്ചർ |
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ<br>ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ,മൂല്യനിർണയം (ഏണിയും പാമ്പും ഡയസ് കളി) സങ്കലനം, വ്യവകലനം കച്ചവടക്കളി) | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ, SRG |
| ഗണിതപഠനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ഹെഡ്മിസ്ട്രസ്,<br>ക്ലാസ്സ് ടീച്ചർ, SRG |
| ഗണിതപഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ, SRG |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ, SRG |

| **STD : IV** | **പരിസരപഠനം** | | |
|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല/ഭൗതികം** |
| പ്രകൃതി നടത്തം | | | |
| നിരീക്ഷണം<br>അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകള്<br>സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ഹെഡ്മിസ്ട്രസ്,<br>ക്ലാസ്സ് പിടിഎ |
| ശാസ്ത്രപഠനം ലളിതവും<br>രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ<br>ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ഹെഡ്മിസ്ട്രസ്,<br>ക്ലാസ്സ് ടീച്ചർ, SRG |
| ശാസ്ത്രയാത്ര | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം | വാനനിരീക്ഷണകേന്ദ്രം, സയൻസ് പാർക്ക്,<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്<br>ലോക്ക് അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | ഹെഡ്മിസ്ട്രസ്,<br>സിപിറ്റിഎ,<br>ക്ലാസ്സ് ടീച്ചർ, SRG |
| ഭൂപടമൊരുക്കം | | | |
| കേരളം - ഇന്ത്യ, ഭൂപടവായന,<br>സൂചിക- പരിചയപ്പെടൽ | ഭൂപടവായന, ഭൂപട രചന, സൂചികാനിർമ്മാണം | വർഷത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ,<br>എസ്.ആർ.ജി |
| ശാസ്ത്രവിസ്മയച്ചുവർ | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ,<br>ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ,<br>എസ്.ആർ.ജി |

| | | | |
|---|---|---|---|
| ശാസ്ത്രോത്സവം | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണങ്ങൾ, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | ഹെഡ്മിസ്ട്രസ്, ക്ലാസ്സ് ടീച്ചർ, SRG |
| ശാസ്ത്ര മാസിക | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ അവതരണം | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ | ഹെഡ്മിസ്ട്രസ്,  SRG |

| **STD : IV** | **ENGLISH** | | |
|---|---|---|---|
| **AIM** | **ACTIVITIES** | **TERM** | **DUTIES** |
| To speak, read and write english<br>Without any mistakes | **Pre test**<br>To develop listening skills and reading skills<br>**Listening skills**<br>Games, action songs<br>Hello English activities<br>Conversations<br>Skill stories<br>Use ICT<br>**Speaking skills**<br>Identify the action words from the picture<br>Make the simple sentences using the word<br>About picture<br>Make simple description about the picture<br>Growing sentences, picture reading, self<br>Introductions | June- March | SRG,Class teachers |

| | | | |
|---|---|---|---|
| Develop the creative speaking<br>And writing | **<u>Reading skills</u>**<br>Books reading<br>Find words<br>Rhyming words<br>Text book activities<br>Writing skills<br>Make word web picture description<br>Word chain<br>Make words and sentences<br>Make riddles, conversation<br>Add more lines | August – September | SRG, Class teachers |
| To empress thoughts, feelings etc.. | **<u>Reading skills</u>**<br>Library book reading<br>Conversations, skit, stories, use ICT<br>Read notice<br>Develop story<br>**<u>Writing Skills</u>**<br>Description<br>Thought | October- November | SRG,Class teachers |
| Develop the creative speaking<br>And writing | **<u>Reading skills</u>**<br>Library books reading<br>Conversations, skit, stories use ICT<br>Develop story<br>Reads dairy<br>**<u>Writing skills</u>**<br>Dairy<br>Announcement | December , January | SRG, Class teachers |

| | | | |
|---|---|---|---|
| To improve the presentation power | **Reading skills**<br>Library books reading conversations,<br>Skit Stories, Develop story,<br>**Writing skills**<br>Dairy, Descriptions, thoughts, exhibition | | |

## അറബിക്

ഭാഷ സ്വതന്ത്രമായി ഉപയോഗിച്ചാൽ, അതുവഴി കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കുക എന്നതു പ്രധാനമാണ്.

ഭാഷാപഠനത്തിൽ ആർജിത ശേഷികൾ കൈവരിക്കുന്നതിനും അറബിഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാണ് ഈ മാസ്റ്റർ പ്ലാൻ ഊന്നൽ നൽകിയിട്ടുള്ളത്.

## ക്ലാസ്സ് ഒന്ന്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അറബിഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടം ജനിപ്പിക്കുകയും സംസാരിക്കാനുള്ള താൽപര്യം ഉണ്ടാക്കുകയും ചെയ്യുന്ന | ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>അക്ഷരവായന<br>ലാംഗ്വേജ് ഗെയിംസ് | ജൂൺ- മാർച്ച് | അധ്യാപകർ |
| അക്ഷരരൂപവ്യത്യാസം മനസ്സിലാക്കുക | അക്ഷര വായന<br>ക്ലാസ്സ് വായന<br>ചിത്രവായന<br>അക്ഷര കാർഡുകൾ ഉപയോഗിച്ച് വിവിധതരം കളികൾ | ജൂൺ - മാർച്ച് | |
| തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ് എല്ലാ അക്ഷരങ്ങളും ചിഹ്നങ്ങളോടുകൂടി എഴുതാനുള്ള കഴിവ് വളർത്തുക ലളിതമായ പദങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാക്കുക | ഇ വായന ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടി എഴുതാൻ പരിശീലിപ്പിക്കുക<br>അക്ഷര കാർഡ് നിർമ്മാണം | ജൂൺ- മാർച്ച് | |

**ക്ലാസ്സ് രണ്ട്**

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| അറബിഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം വളർത്തിയെടുക്കുക | ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>ക്ലാസ്സിൽ അറബി സംഭാക്ഷണങ്ങൾ കേൾപ്പിക്കുക<br>കാർട്ടൂൺ പ്രദർശനം<br>ദിവസവും പുതിയപദങ്ങൾ പരിചയപ്പെടുത്തൽ | ജൂൺ- മാർച്ച് | അധ്യാപകർ |
| ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക | ലൈബ്രറി വായന<br>ചിത്രകഥ വായന<br>വായനാമത്സരങ്ങൾ<br>ഇ വായന | ജൂൺ - മാർച്ച് | അധ്യാപകർ |
| സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് നേടിയെടുക്കുക | വിശേഷദിവസങ്ങളിൽ വായനാമത്സരങ്ങൾ നടത്തുക<br>ഇ വായന | ജൂൺ- മാർച്ച് | |

## <u>ക്ലാസ്സ് മൂന്ന്</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവ് ഉണ്ടാക്കുന്നു | അക്ഷര വായന<br>ക്ലാസ്സ് വായന<br>വാക്യങ്ങൾ ഉറപ്പിക്കൽ<br>വ്യാകരണങ്ങൾ | ജൂൺ- മാർച്ച് | അധ്യാപകർ |
| ലളിതമായ രീതിയിൽ അറബിയിൽ ആശയവിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക | ക്ലാസ്സിൽ അറബി സംഭാക്ഷണം കേൾപ്പിക്കുക<br>കാർട്ടൂൺ പ്രദർശനം | ജൂൺ - മാർച്ച് | അധ്യാപകർ |
| വാക്യങ്ങൾ തെറ്റു കൂടാതെ എഴുതാനുള്ള ശേഷി വളർത്തിയെടുക്കുക | ചിത്രകഥാവായന<br>വീട്ടുവായന<br>വായനാമത്സരങ്ങൾ<br>ഇ വായന | ജൂൺ- മാർച്ച് | അധ്യാപകർ |

## ക്ലാസ്സ് നാല്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവ് ഉണ്ടാക്കുന്നു | ചിത്രകഥാ വായന<br>ക്ലാസ്സ് വായന<br>വാക്യങ്ങൾ ഉറപ്പിക്കൽ<br>വ്യാകരണങ്ങൾ<br>ഇ വായന | ജൂൺ- മാർച്ച് | അധ്യാപകർ |
| അറബിഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്ന രീതി | ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിന്റെ സംഭാക്ഷണങ്ങൾ കേൾപ്പിക്കുന്നു.<br>ക്ലാസ്സ് സംഭാക്ഷണം<br>പദസമ്പത്ത് വർ ദ്ധിപ്പിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ |
| അറബിഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ<br>പദങ്ങൾ ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>കൈയ്യെഴുത്ത് മാസിക<br>ട്രാൻസിലേഷൻ<br>മലയാളത്തിൽ നിന്ന് അറബിയിലേക്ക്<br>അറബിയിൽ നിന്ന് മലയാളത്തിലേക്ക് | ജൂൺ- മാർച്ച് | അധ്യാപകർ |